LIBRARY ARCHIVES Kerala Legislative Assembly

ആലുവ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

126 (2106) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ ഏതെല്ലാം താലൂക്കുകളിലാണ് മിനിസിവിൽ സ്റ്റേഷൻ നിർമ്മിക്കുവാൻ നിർദ്ദേശങ്ങൾ നിലവിലുള്ളത് ;

(ബി) ഇതിൽ ഭരണാനുമതി നൽകിയിട്ടുള്ള മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ ;

(സി) എറണാകുളം റൂറൽ ജില്ലയുടെ ആസ്ഥാനമായ ആലുവായിൽ മിനിസിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്ന നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ആലുവ മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആലുവ, പറവൂർ, കൊച്ചി (മട്ടാഞ്ചേരി) എന്നീ താലൂക്കുകളിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുവാൻ നിർദ്ദേശം നിലവിലുണ്ട്. കൂടാതെ മൂവാറ്റുപുഴയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്ന കാര്യം പരിഗണനയിലാണ്.

(ബി) പരവൂർ മിനി സിവിൽ സ്റ്റേഷൻ.

(സി&ഡി) ആലുവയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഭരണാനുമതിക്കായി റഫ്കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിച്ചുവരികയാണ്.

സി.ഇ.എൽ.എസ്-ൽ ഓരോ ജില്ലയിലും ചെലവഴിക്കപ്പെട്ട തുക

127 (2107) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 1996-97, 1997-98, 1998-99 എന്നീ സാമ്പത്തിക വർഷങ്ങളിൽ ചീഫ് എൻജിനീയേഴ്സ് ലംസമിൽ നിന്നും ഓരോ ജില്ലയും ചെലവഴിക്കപ്പെട്ട തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) 1999-2000 വർഷത്തിൽ ചീഫ് എൻജിനീയേഴ്സ് ലംസം ആയി ബഡ്ജറ്റിൽ നീക്കിവച്ച തുക എത്രയാണ് ;

(സി) ഇക്കഴിഞ്ഞ ഡിസംബർ വരെ ഓരോ ജില്ലയിലും ഈ ഇനത്തിൽ ചെലവഴിക്കപ്പെട്ട സംഖ്യ എത്രയാണെന്ന് വ്യക്തമാക്കുമോ ?